## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3138 — 18.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്നത് സുരക്ഷാഭീഷണി ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ പ്രസ്തുത ഫോണുകളുടെ വിതരണത്തിനുമുമ്പ് സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത് ; | (ബി) | സാറ്റലൈറ്റ് ഫോണുകളുടെ ഉപയോഗത്തെപറ്റിയും ആവശ്യകതയെപ്പറ്റിയും വ്യക്തമായി നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടാണ് ടി ഫോണുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. പ്രസ്തുത ഫോൺ ദുരുപയോഗം ചെയ്യുവാനോ/നിയമവിരുദ്ധമായി ഉപയോഗിക്കുവാനോ പാടില്ലാത്തതാണെന്നും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്ന പക്ഷം ബി.എസ്.എൻ.എൽ തന്നെ ടി ഫോൺ കണക്ഷൻ വിച്ഛേദിക്കുന്നതാണെന്നുമുള്ള വ്യവസ്ഥകൾ വച്ച് കൊണ്ട് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നുമുണ്ട്. |
| (സി) | ഫോണുകളുടെ വിതരണത്തിനുമുൻപ് ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുമോ; | (സി) | ആദ്യഘട്ടമായി സാറ്റലൈറ്റ് ഫോണിന്റെ ഗുണഭോക്താക്കൾക്കുള്ള പരിശീലനം കൊല്ലത്ത് വച്ച് 06/06/2019 ന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന മുറയ്ക്ക് ആയതിന്റെ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ ഏത് ഏജൻസിയാണ് പരിശീലനം നൽകുക; എന്തൊക്കെ കാര്യങ്ങളാണ് മുഖ്യമായും പരിശീലനത്തിലുൾപ്പെടുത്തുക? | (ഡി) | സാറ്റലൈറ്റ് ഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത് പൊതുമേഖലാസ്ഥാപനമായ ബി.എസ്.എൻ.എൽ മുഖേന ആണ്. പ്രസ്തുത ഫോണുകളുടെ ഉപയോഗത്തെപ്പറ്റിയും ആവശ്യകതയെപ്പറ്റിയും |

| | | | |
|---|---|---|---|
| | | | സുരക്ഷാമാനദണ്ഡങ്ങളെ കുറിച്ചും ആവശ്യമായ പരിശീലനം ബി.എസ്.എൻ.എൽ അധികൃതർ നൽകിയിട്ടുണ്ട്. ബി.എസ്.എൻ.എൽ പ്രതിനിധികൾ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുമായി ചർച്ച നടത്തി അവർക്ക് വേണ്ട അവബോധം ഉണ്ടാക്കുന്നതിനും പരിശീലനത്തിലൂടെ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**